# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1262 — 12.03.2015-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബെഹനാൻ | ശ്രീ.അനൂപ് ജേക്കബ്,<br>ഭക്ഷ്യവും, പൊതുവിതരണവും,<br>ഉപഭോക്തൃസംരക്ഷണവും<br>രജിസ്ട്രേഷനും വകുപ്പുമന്ത്രി |

### നിത്യോപയോഗ സാധനങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് പദ്ധതി

| | | | |
|---|---|---|---|
| (എ) | നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | 'മിഷൻ 676' എന്നത് എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികൾ, ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് പൂർത്തീകരിക്കുന്നതിനു വേണ്ടി രൂപീകരിച്ചിട്ടുള്ള ഒരു കർമ്മ പദ്ധതിയാണ്. ഇതിൽ ഭക്ഷ്യ പൊതുവിതരണവകുപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രണ്ട് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>(1) സപ്ലൈക്കോയുടെ സംസ്ഥാനത്തെ എല്ലാ ഔട്ട് ലെറ്റുകൾ വഴിയും 13 ഇനം അവശ്യ സാധനങ്ങൾ ന്യായ വിലയ്ക്ക് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള തുടർ പദ്ധതിയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുക<br>(2) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക.<br>ടി രണ്ട് പദ്ധതികളിൽ ഒന്നാമത്തേത് ഒരു തുടർ പദ്ധതിയാണ്. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക എന്ന പദ്ധതി രണ്ടു വർഷക്കാലം കൊണ്ട് പൂർത്തിയാക്കണമെന്ന ഉദ്ദേശത്തോടെ പൊതുവിതരണ വകുപ്പിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളെയാണ് ഇതിനുവേണ്ടിപ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഇതനുസരിച്ചുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | | |

സെക്ഷൻ ഓഫീസർ